# ഹൃദയത്തെ നോക്കുന്ന ദൈവം

## 1 ശമുവേൽ 16:7

**"മനുഷ്യൻ നോക്കുന്നതുപോലെയല്ല, മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു, യഹോവയോ ഹൃദയത്തെ നോക്കുന്നു."**

ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾകൊണ്ട് ഭക്തിയുടെ പരിവേഷമണിഞ്ഞു മാനുഷിക ദൃഷ്ടിയിൽ ഭക്തൻമാരായി ചമഞ്ഞ് ആത്മീയ രംഗങ്ങളിൽ അധികാരങ്ങളും അംഗീകാരങ്ങളും സ്ഥാനമാനങ്ങളും പിടിച്ചെടുക്കുന്ന അനേകരെ ക്രൈസ്തവ സമൂഹത്തിൽ കാണുവാൻ നമുക്കു കഴിയും. തന്റെ ജനത്തെ ഭരിക്കുവാൻ ഒരു രാജാവിനെ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്യുന്നതിനായി യിശ്ശായിയുടെ ഭവനത്തിലേക്ക് പ്രവാചകനായ ശമുവേലിനെ യഹോവയാം ദൈവം അയക്കുമ്പോൾ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡവും അവനെ അറിയിക്കുന്നു. യഹോവയൊ ഹൃദയത്തെ നോക്കുന്നു എന്നും, ബാഹ്യമായ ആരാധകളെക്കാളും, ഭക്തിയുടെ മറ്റു പുറംതോടുകളെക്കാളുമുപരി അത്യുന്നതനായ ദൈവം വിലമതിക്കുന്നത് ഹൃദയത്തിന്റെ വിശുദ്ധിയും, വിശ്വസ്തതയും വിശ്വാസവുമാണെന്ന് തന്റെ പ്രവാചകന് മനസിലാക്കി കൊടുക്കുന്നു.

ശൗലിന്റെ സൈന്യത്തിൽ സ്ഥാനമാനങ്ങൾ ഉണ്ടായിരുന്ന യിശ്ശായിയുടെ മൂത്തപുത്രൻ ഏലീയാബിനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യുവാൻ ഒരുങ്ങുന്ന പ്രവാചകനെ ദൈവം വിലക്കുന്നു. തുടർന്ന് പല പ്രാഗത്ഭ്യങ്ങളുമുണ്ടായിരുന്ന യിശ്ശായിയുടെ മറ്റു പുത്രന്മാരെയും തിരസ്കരിക്കുന്ന ദൈവം, അവരുടെ ഹൃദയങ്ങളെയാണ് നോക്കുന്നത് എന്ന് ശമുവേലിനോട് വ്യക്തമാക്കി. അവസാനം പ്രവാചകൻ ആടുകളെ മേയിച്ചുകൊണ്ടിരുന്ന യിശ്ശായിയുടെ ഇളയ മകനായ ദാവീദിനെ വിളിച്ചുവരുത്തി. ഹൃദയങ്ങളെയും ഹൃദയേന്ദ്രിയങ്ങളെയും ശോധന ചെയ്യുന്ന ദൈവം ദാവീദിനെ യിസ്രായേലിന്റെ രാജാവായി തിരഞ്ഞെടുത്തു.

ഇന്ന് ആത്മിക ശുശ്രൂഷകളിലും ദേവാലയങ്ങളിലെ ആരാധനകളിലും മുടക്കംകൂടാതെ പങ്കെടുക്കുന്ന നമ്മുടെ ഹൃദയത്തെയും, ഹൃദയവിചാരങ്ങളെയും ദൈവം നോക്കുന്നു എന്ന് നാം ഓർമിക്കുന്നുണ്ടോ അതിൽ അടിഞ്ഞിരിക്കുന്ന പാപത്തിന്റെ മോഹങ്ങളും, പ്രവൃത്തികളും മനുഷ്യന്റെ കൺമുമ്പിൽനിന്നും ഭക്തിയുടെ മാറാപ്പിൽ മറക്കുവാൻ കഴിയുമെങ്കിലും ദൈവത്തിന്റെ മുമ്പിൽ എല്ലാം നഗ്നവും ഗോചരവുമാണെന്ന് നാം മനസിലാക്കണം.

പരാമർശം :

എഫെസ്യർ 2:8

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 009